2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

4 (*244) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഒറ്റത്തറിക്കാരായ നെയ്ത്തുകാരെ സഹായിക്കുന്നതിനായി കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(സി) കൈത്തറിക്കാർക്ക് പുതിയ ഡിസൈനുകളിൽ പരിശീലനം നൽകുന്നതിനും ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ പൂർണ്ണമായും സംഭരിക്കുന്നതിനും കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) മാർക്കറ്റിംഗ് ഇൻസെന്റീവിനായി കോർപ്പറേഷന് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) ഹാൻവീവ് ഉൽപ്പന്നങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(എഫ്) കോർപ്പറേഷന്റെ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) സംസ്ഥാനത്തെ ഒറ്റത്തറിക്കാരായ നെയ്ത്തുകാർക്ക് മുഴുവൻ സമയവും തൊഴിൽ നൽകുകയും അതുവഴി അവരുടെ ജീവിതനിലവാരം ഉയർത്തുകയുമാണ് കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സ്ഥിരമായി തൊഴിൽ നൽകുന്നതിനുപുറമേ നെയ്ത്തുകാരുടെ ക്ഷേമത്തിനായി കേന്ദ്രസംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച ഇൻഷ്വറൻസ് പദ്ധതി, അംശദാന മിതവ്യയ ഫണ്ട് എന്നിവയും ഹാൻവീവ് നടത്തിവരുന്നുണ്ട്.

(ബി) നെയ്ത്തുകാർക്ക് ഓരോ ആഴ്ചയും നൂലും, ഉൽപ്പാദിപ്പിക്കേണ്ട തുണിത്തരങ്ങളുടെ ഡിസൈനും നൽകുകയും ഇതനുസരിച്ച് അവർ ഉണ്ടാക്കിയ ഉൽപ്പന്നങ്ങൾക്കുള്ള പ്രതിഫലം നൽകി സംഭരിക്കുകയും ചെയ്യുന്നു. ഇതിനായി സംസ്ഥാനത്ത് നെയ്ത്തുകാർ അധികമായി താമസിക്കുന്ന 32 കേന്ദ്രങ്ങളിൽ മുഴുവൻ സമയ പ്രൊഡക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററുകളിൽ സാങ്കേതിക പരിജ്ഞാനമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുടെ സേവനം ലഭ്യമാണ്. ഓഫീസ് ജോലിക്ക് പുറമേ ഇവർ നെയ്ത്തുകാരുടെ വീടുകൾ സന്ദർശിച്ച് നെയ്ത്തുകാർക്ക് വേണ്ടുന്ന നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളായ തനിമ, കൃതിക വഴിയും, പാലക്കാട് മിനി ക്ലസ്റ്ററിന്റെ കീഴിലും നെയ്ത്തുകാർക്ക് പുതിയ ഡിസൈനിൽ ഉത്പാദനത്തിനുള്ള പരിശീലനം നൽകുന്നുണ്ട്.

(ഡി) നിബന്ധനകൾക്ക് വിധേയമായി എല്ലാ വർഷവും ഹാൻവീവിന് മാർക്കറ്റിംഗ് ഇൻസന്റീവ് ലഭിക്കാറുണ്ട്. ഇതിൽ 50% കേന്ദ്രസർക്കാർ വിഹിതവും 50% സംസ്ഥാന സർക്കാർ വിഹിതവുമാണ്. 2009-10 വർഷത്തിൽ 12.93 ലക്ഷം രൂപയും ഈ സാമ്പത്തികവർഷം 8.86 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ചിട്ടുണ്ട്. ഈ രണ്ട് വർഷങ്ങളിലെ കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചിട്ടില്ല. 2008-09 വരെ കേന്ദ്രസർക്കാർ വിഹിതവും സംസ്ഥാന സർക്കാർ വിഹിതവും ലഭിച്ചിട്ടുണ്ട്.

(ഇ) നെയ്ത്തുകാരിൽ നിന്നും ഉൽപ്പന്നങ്ങൾ സംഭരിക്കുമ്പോൾ ഗുണമേന്മ ഉറപ്പ് വരുത്താറുണ്ട്. ഗുണമേന്മ ഇല്ലാത്ത ഉൽപ്പന്നങ്ങൾ ഹാൻവീവ് സംഭരിക്കാറില്ല. ഉൽപ്പാദനകേന്ദ്രങ്ങളിലെ സാങ്കേതിക വിദഗ്ദർ, നെയ്ത്തുകാരുടെ വീടുകൾ സന്ദർശിച്ച് ഉത്പാദന തകരാർ തീരെ ഇല്ലാതാക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(എഫ്) കോർപ്പറേഷന്റെ പ്രവർത്തനത്തിനാവശ്യമായ മൂലധനം ലഭ്യമാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ സർക്കാർ 400 ലക്ഷം രൂപ ഓഹരി മൂലധനമായി അനുവദിച്ചിട്ടുണ്ട്.

എല്ലാ സർവ്വകലാശാലകളിലും ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം

5 (*245) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞുവോ ;

(ബി) പ്രസ്തുത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനും വിവിധ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത രീതിയിലുള്ള ഇച്ഛാധിഷ്ഠിത സെമസ്റ്റർ സംവിധാനം തെരഞ്ഞെടുക്കാൻ കൂടുതൽ അവസരം

LIBRARY ARCHIVES Kerala Legislative Assembly